# വ്യവസായ സൗഹൃദ റാങ്കിംഗ്
# കരുത്താകുക നിങ്ങളുടെ നിർദേശങ്ങൾ

**വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ ആദ്യ പത്തിലെത്തുകയാണ് ലക്ഷ്യം**



എസ്. ഹരികിഷോർ
ഐ.എ.എസ്

ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ കേരളം കുതിക്കുകയാണ്. സംസ്ഥാനങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷം പരിഗണിച്ചിട്ടുള്ള പട്ടികയിൽ 75.49 ശതമാനം നേട്ടത്തോടെ കേരളം 28ൽ നിന്ന് 15-ാം സ്ഥാനത്തെത്തി. കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേർണൽ ട്രേഡിന്റെ (ഡി.പി.ഐ.ഐ.ടി) അഖിലേന്ത്യ റാങ്കിംഗിലാണ് കേരളം നില വർധിപ്പിച്ചത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വിലയിരുത്തലിൽ കേരളം അസ്പെയർ വിഭാഗത്തിൽ ഇടംനേടുകയും റാങ്കിംഗിൽ വലിയ പുരോഗതി നേടുകയും ചെയ്തു.

## ലക്ഷ്യം ആദ്യ 10

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ ആദ്യ പത്ത് റാങ്കിൽ എത്തുക എന്നതാണ് ഇനി കേരള സർക്കാരിന്റെ ലക്ഷ്യം. ഇതിനായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2022ലെ ഡി.പി.ഐ.ഐ.ടിയുടെ അഭിപ്രായ സർവേ 2023 ജൂലൈയിൽ ആരംഭിച്ചു. പുതിയൊരു സംരംഭം തുടങ്ങാനും സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ച് ഓരോ വർഷവും ഡി.പി.ഐ.ഐ.ടി എല്ലാ സംസ്ഥാനങ്ങൾക്കുമായി പ്രത്യേക മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡി.പി.ഐ.ഐ.ടി



വ്യവസായികൾ, നിക്ഷേപകർ, അസോസിയേഷനുകൾ, പൗരന്മാർ എന്നിവരുൾപ്പെടെ എല്ലാ ഉപഭോക്താക്കളിൽ നിന്നും വിലയേറിയ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി ഉപയോക്തൃ പ്രതികരണ സർവേയും നടത്തും. ഇങ്ങനെ ലഭിക്കുന്ന അഭിപ്രായം പരിഗണിച്ചാണ് റാങ്ക് നിശ്ചയിക്കുക. പ്രതികരണം ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിയ 22,000 പേരുടെ ഉപയോക്തൃ പട്ടിക സർക്കാർ ഡി.പി.ഐ.ഐ.ടിക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പരിഷ്ക്കരണ ശുപാർശയോട് 60 ശതമാനം ഉപയോക്താക്കളും അനുകൂലമായി പ്രതികരിച്ചാൽ മാത്രമേ സംസ്ഥാനത്തിന് മികച്ച മാർക്ക് ലഭിക്കുകയുള്ളൂ. അഭിമുഖം (ടെലിഫോണിക്, മുഖാമുഖം, വീഡിയോ കോൺഫറൻസ്) അല്ലെങ്കിൽ വാട്ട്സ്ആപ്പ്/എസ്.എം.എസ്/ഇ-മെയിൽ അധിഷ്ഠിത ലിങ്ക് എന്നിവയിലൂടെയാണ് ഉപയോക്തൃ പ്രതികരണം സ്വീകരിക്കുക. ഉപയോക്താക്കൾ യെസ്/നോ എന്ന് ഉത്തരം നൽകേണ്ടി വരുന്ന തരത്തിലായിരിക്കും ചോദ്യാവലി.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന കാഴ്ച്ചപ്പാട് വഴി കേരളത്തെ വ്യവസായ നിക്ഷേപ ഇടമാക്കി മാറ്റുകയെന്നതാണ് വ്യവസായ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫസിലിറ്റേഷൻ ആക്ട് 2018, കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം, വ്യവസായ നിയമങ്ങളുടെ ഭേദഗതി തുടങ്ങിയ നിരവധി നടപടികൾ ഈ ലക്ഷ്യം നേടുന്നതിനുള്ള മുന്നൊരുക്കങ്ങളായിരുന്നു. കരുത്തുറ്റ സംരംഭക സമൂഹമുള്ള ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ മാറ്റിത്തീർക്കുന്നതിന് അനുയോജ്യമായ പദ്ധതികളാണ് സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ■

> **ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന കാഴ്ച്ചപ്പാട് വഴി കേരളത്തെ വ്യവസായ നിക്ഷേപ ഇടമാക്കി മാറ്റുകയെന്നതാണ് വ്യവസായ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം**

### മാതൃകയാകുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

നവീനാശയങ്ങൾ ഉൾക്കൊള്ളുന്ന വ്യവസായങ്ങളുടെ വളർച്ചയിൽ കേരളം വളരെയേറെ മുന്നിലാണ്. കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്. നവീനാശയങ്ങളുള്ള നവസംരംഭകരെ സഹായിക്കുന്നതിനുള്ള ബിസിനസ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ വ്യവസായ വളർച്ചയ്ക്ക് സഹായകരമാണ്. സംരംഭകർക്ക് പരാതി നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ടോൾ ഫ്രീ കോൾ സെന്റർ സ്ഥാപിച്ചത് ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായിരുന്നു. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിനാണ് കേരളത്തിന്റെ ഊന്നൽ. ദേശീയ തലത്തിൽ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതി കൂടി പരിഗണിക്കുമ്പോൾ ഡി.പി.ഐ.ഐ.ടിയുടെ റാങ്കിംഗിൽ സംസ്ഥാനത്തിന് കൂടുതൽ ഉയർന്ന സ്ഥാനം നേടാൻ കഴിയുമെന്നാണ് നിഗമനം. പദ്ധതിയിലൂടെ മൂന്ന് ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകാനും എം.എസ്.എം.ഇ മേഖലയിൽ എട്ടായിരത്തിലധികം കോടിയുടെ നിക്ഷേപം കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് ഇനിയും കൂടുതൽ സംരംഭങ്ങളും നിക്ഷേപവും വരാൻ ഈ നേട്ടം സഹായമാവുകയും ചെയ്യും.

സുസ്ഥിര വികസന സൂചികയിൽ വ്യവസായ വികസനം ഉൾപ്പെടെയുള്ള പരിഗണനാ വിഷയങ്ങളിൽ ഉയർന്ന നേട്ടം കൈവരിച്ച സർക്കാർ അത് തുടരാനും കൂടുതൽ മികച്ച നേട്ടങ്ങൾ വരും വർഷങ്ങളിൽ സ്വന്തമാക്കാനുമാണ് ശ്രമിക്കുന്നത്. ആ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പൊതുജനങ്ങൾ, വ്യവസായികൾ, വ്യാപാര അസോസിയേഷനുകൾ തുടങ്ങിയവർ സർവേയുടെ ഭാഗമാകുകയും നിങ്ങളുടെ നല്ല




അനുഭവങ്ങളും വിലയേറിയ നിർദേശങ്ങളും പങ്കുവെയ്ക്കേണ്ടതുമുണ്ട്. നല്ല പ്രതികരണം നൽകുന്നതിലൂടെ സംസ്ഥാനത്തിന്റെ പ്രശസ്തി വർധിപ്പിക്കുന്നതിനൊപ്പം കൂടുതൽ സംരംഭകരെയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ വർധിക്കുകയും മൊത്തത്തിലുള്ള സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുകയും ചെയ്യും.

നിങ്ങൾ നൽകുന്ന നിർദേശങ്ങൾ മെച്ചപ്പെടുത്താനുള്ള മേഖലകൾ തിരിച്ചറിയുന്നതിനും ഭാവി നയങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായിക്കും.

സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കംകൂട്ടുന്ന ഒരു ബിസിനസ് സൗഹൃദ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ കൂട്ടായ ശ്രമത്തിൽ നിങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. സർവതല സ്പർശിയായതും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കി സർക്കാർ മുന്നേറുമ്പോൾ അതിനൊപ്പം നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ സംസ്ഥാനത്തിന്റെ റാങ്കിംഗ് ഉയർത്താനും ശോഭനമായ ഭാവിക്ക് വഴിയൊരുക്കാനും കഴിയും.

*(കെ.എസ്.ഐ.ഡി.സി എം.ഡിയും വ്യവസായ വാണിജ്യ വകുപ്പിന്റെ ഡയറക്ടറുമാണ് ലേഖകൻ)*